Annexure I

**<u>ഉള്ളടക്കം</u>**

ഭക്ഷ്യസുരക്ഷാ വകുപ്പിൽ 2025 ലെ പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. സ.ഉ.(പി) നമ്പർ.03/2017/ഉ.ഭ.പ.വ തീയതി 25.02.2017 പ്രകാരം സ്ഥലംമാറ്റം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും അനുസരിച്ചും സ.ഉ.(സാധാ) നം.1255/2025/H&FWD തീയതി 06-05-2025 ഉത്തരവിന് വിധേയമായും ഓഫ് ലൈൻ മുഖേനയായിരിക്കും പൊതു സ്ഥലംമാറ്റം നടപ്പിലാക്കുക.

2. എല്ലാ സ്ഥാപന മേധാവികളും ഇതു വരെ നടന്ന സ്ഥലംമാറ്റങ്ങളുടെയും സ്ഥാനകയറ്റങ്ങളുടെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിലും സർവ്വീസ് ബുക്കിലും കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. സേവന വിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതുസ്ഥലംമാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപന മേധാവികൾക്കായിരിക്കും. ഇതിൽ വിഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

3. 2025 ഫെബ്രുവരി 28ന് ഒരേ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളു. (3 വർഷ കാലാവധി എന്നത് ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതൽ ഏപ്രിൽ 30 വരെ കണക്കാക്കുന്നതാണ്).

4. സർവ്വീസ് കണക്കാക്കുമ്പോൾ ജീവനക്കാരൻ എടുത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള ശൂന്യവേതന അവധി ജോലിയിൽ നിന്ന് വിട്ടു നിന്ന ഇതര കാലയളവ് എന്നിവ പരിഗണിക്കുന്നതല്ല.

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ള തസ്തികകൾ പൊതുവായ സ്ഥലംമാറ്റത്തിനുള്ള ഒഴിവുകൾ ആയി പരിഗണിക്കുന്നതാണ്.

6. സ്ഥലംമാറ്റത്തിനായി കാര്യാലയങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ സ്ഥാപന മേധാവി തസ്തിക അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് വെവ്വേറെ ആമുഖ കത്ത് സഹിതം ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്.

7. പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള ജില്ലാതല അപ്പീലുകൾ ജില്ലാതല ഉദ്യോഗസ്ഥർക്കും സംസ്ഥാനാടിസ്ഥാനത്തിലുള്ള അപ്പീലുകൾ വകുപ്പ് തലവനും നേരിട്ട് നൽകാവുന്നതാണ്. ജില്ലാതല സ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. പുന:പരിശോധന

കമ്മിറ്റിയുടെ തീരുമാനങ്ങളിൽ അപ്പീലുള്ള പക്ഷം അവയിൻമേൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

8. ഭക്ഷ്യസുരക്ഷാ വകുപ്പിൽ സംസ്ഥാനതല സ്ഥലംമാറ്റങ്ങളിലുള്ള അപ്പീലുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ), ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് തീർപ്പ് കൽപ്പിക്കാവുന്നതാണ്.

9. വകുപ്പ് അദ്ധ്യക്ഷൻ അടങ്ങുന്ന പുന:പരിശോധനാ കമ്മിറ്റിയുടെ തീരുമാനങ്ങളിൽ പരാതിയുള്ള പക്ഷം അവയിൻമേൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

10. അപ്പീലുകൾ അനുവദിക്കുന്നതോ നിരസിക്കുന്നതോ പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

11. ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലം മാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം അനുകമ്പാർഹമായ സാഹചര്യങ്ങൾ / പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗങ്ങൾ എന്നിങ്ങനെയുള്ള പരിഗണനകൾ കൂടി പരിശോധിച്ച് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ പൊതു താത്പര്യം മുൻനിർത്തി ആവശ്യമെങ്കിൽ സ്ഥലംമാറ്റം നടത്താവുന്നതാണ്.

12. സ്വന്തം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസ് ഉണ്ടെങ്കിൽ അവ ഒരുമിച്ച് കണക്കിലെടുക്കേണ്ടതാണ്. വിവിധ കേഡറിലുള്ള സർവ്വീസുകൾ ഒരുമിച്ച് കണക്കിലെടുക്കാവുന്നതാണ്. ജീവനക്കാരുടെ സ്വന്തം ജില്ലയിൽ നിന്നും പുറം ജില്ലയിലേക്ക് അവസാനം സ്ഥലംമാറ്റപ്പെട്ടതിനു ശേഷമുള്ള പുറം ജില്ലയിലെ തുടർച്ചാ സേവനകാലം മാത്രമേ സ്ഥലംമാറ്റത്തിന് അർഹതയുള്ള ഔട്ട്സ്റ്റേഷൻ സർവീസ് ആയി പരിഗണിക്കൂ.

13. സ്വന്തം ജില്ല എന്നത് ജീവനക്കാരൻ സർവ്വീസ് സമയത്ത് ഓപ്റ്റ് ചെയ്തതോ അല്ലെങ്കിൽ അപേക്ഷ നൽകി പിന്നീട് നിയമപരമായി മാറ്റി വാങ്ങിയ ജില്ലയോ ആയിരിക്കും. സർവ്വീസ് കാലയളവിൽ ഒരു തവണ മാത്രമേ ഇത്തരത്തിൽ ഓപ്ഷൻ നൽകി ജില്ല മാറുന്നതിനുള്ള അനുവാദമുണ്ടായിരിക്കുകയുള്ളൂ.

14. പ്രമോഷൻ സ്വമേധയാ വേണ്ടെന്നു വെയ്ക്കുന്നവരെ (Relinquishment) സ്ഥലംമാറ്റ മാനദണ്ഡത്തിൽ നിന്നും ഒഴിവാക്കുന്നതല്ല.

15. ഡെപ്യൂട്ടേഷൻ (ഫോറിൻ സർവ്വീസ്) കാലാവധി സ്ഥലംമാറ്റത്തിനായി പരിഗണിക്കപ്പെടുന്ന സർവ്വീസിന് ഉൾപ്പെടുത്തുകയില്ല.

16. പെൻ ഷന് 2 വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താല്പര്യപ്രകാരം സ്ഥലമാറ്റത്തിന് മുൻഗണന നൽകേണ്ടതാണ്. (വിരമിക്കാൻ കുറഞ്ഞ കാലമുള്ളവർക്കായിരിക്കും മുൻഗണന നൽകുക)

17. ജീവനക്കാരുടെ ആശ്രിതനോ ബന്ധുക്കളോ മറ്റാരെങ്കിലുമോ നൽകുന്ന അപേക്ഷകൾ ഉടനടി നിരസിക്കേണ്ടതാണ്..

18. പരസ്പരം സ്ഥലംമാറ്റത്തിനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

19. മലയോര/ട്രൈബൽ സ്റ്റേഷൻ/വിദൂര സ്റ്റേഷൻ/എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥലങ്ങളിൽ രണ്ട് വർഷം സേവനം പൂർത്തിയാക്കിയവർക്ക് മൂന്നു വർഷമായി പരിഗണിക്കുന്നതാണ്.

20. സ്ഥലംമാറ്റം ചെയ്യപ്പെടുന്നയാൾ നിർബന്ധമായും അനുവദനീയമായ സമയപരിധിക്കുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ഇത് ലംഘിക്കുന്നവർക്ക് എതിരെ ഉടനടി നിയമനാധികാരി അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്.

21. കരട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരെ ഏതെങ്കിലും കാരണവശാൽ അന്തിമ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയോ/അനുവദിക്കപ്പെട്ട സ്റ്റേഷനിൽ മാറ്റം വരുത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ ടി ജീവനക്കാർക്ക് അറിയിപ്പ് നൽകുകയും അവരുടെ ആക്ഷേപം പരിശോധിക്കുകയും ചെയ്യുന്നതാണ്. ഇത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് ബന്ധപ്പെട്ട അധികാരി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

22. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ സ്ഥലംമാറ്റ അപേക്ഷ അനുകൂലമായി പരിഗണിക്കുവാൻ ഇടയായ കാരണങ്ങൾ (പുറം സ്ഥാപനത്തിലെ സേവനകാലം, സൈനിക സേവനത്തിലിരിക്കുന്നവരുടെ ആശ്രിതർ, പെൻഷൻ ആകാറായവർ, അനുകമ്പ അർഹിക്കുന്നവർ തുടങ്ങിയവ) കാണിച്ചിരിക്കേണ്ടതാണ്.

23. പൊതു സ്ഥലംമാറ്റം നടപടികൾ പൂർത്തിയാക്കുന്നവരേയ്ക്കും മറ്റു സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടില്ല.

24. കരട് ലിസ്റ്റും അന്തിമ ലിസ്റ്റും www.foodsafety.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

25. മേൽ പറഞ്ഞ തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

26. അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിനു മുൻഗണന ആവശ്യപ്പെടുന്ന ജീവനക്കാർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവിക്കു നൽകി സ്ഥാപന മേധാവി ആയത് ഉറപ്പു വരുത്തിയ ശേഷമേ അപേക്ഷ ഫോർവേർഡ് ചെയ്യാൻ പാടുള്ളൂ.

<u>**സഹതാപാർഹമായ സാഹചര്യങ്ങൾ**</u>

1. ഗുരുതരമായ അസുഖമോ (ഗുരുതര രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റി

വയ്ക്കലിന് വിധേയരായവർ) അപകടത്തെയോ തുടർന്ന് ഒരു ഉദ്യോഗസ്ഥന് സ്ഥായിയായ അവശത സംഭവിക്കുകയും പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുക.

2. വിദഗ്ധ ചികിൽസ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുമ്പോൾ.
3. ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്കോ (ഉദ്യോഗസ്ഥയാണെങ്കിൽ ഭർത്താവിനോ) പൂർണ്ണമായും ആശ്രയിച്ച് കഴിയുന്ന മകനോ മകൾക്കോ ഗുരുതരമായ രോഗം പിടിപെട്ട് ചികിൽസയിൽ കഴിയുമ്പോൾ ടിയാന്റെ ടിയാളുടെ സാന്നിദ്ധ്യവും നേരിട്ടുള്ള പരിചരണവും രോഗിക്ക് നിർബന്ധമാണെന്ന് ബോദ്ധ്യപ്പെട്ടതായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ.

Signed by
Afsana Perween Ias
Date: 07-05-2025 12:24:15
**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**